(എഫ്) റോഡിനടുത്തുള്ള സ്വകാര്യ ഭൂമിയെടുക്കുന്നത് വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കുവാനാണോ; അല്ലെങ്കിൽ എന്തിനുവേണ്ടിയാണ് സ്വകാര്യ ഭൂമി എടുക്കുന്നതെന്ന് വിശദീകരിക്കുമോ;

(ജി) മുറിഞ്ഞപാലത്തുനിന്നും കുമാരപുരത്തേയ്ക്കുള്ള ജംഗ്ഷൻ ആരംഭിക്കുന്നിടത്ത് ബോട്ടിൽനെക്ക് ഉണ്ടോ?

ഉത്തരം

(എ ആന്റ് ബി) പട്ടം-മുറിഞ്ഞപാലം-മെഡിക്കൽ കോളേജ് റോഡ് സർക്കാർ അംഗീകരിച്ച തലസ്ഥാന വികസന പദ്ധതിയുടെ ഭാഗമായുള്ള റോഡു വികസനത്തിൽ ഉൾപ്പെടുന്നു.

(സി) ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. റവന്യൂ സർവ്വെ പൂർത്തി ആയ ശേഷം മാത്രമേ കൃത്യമായ ചിത്രം വ്യക്തമാവുകയുള്ളൂ.

(ഡി) ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരമാണ് സ്ഥലം ഏറ്റെടുക്കുന്നത്.

(ഇ) 13 മീറ്റർ.

(എഫ്) വാഹന പാർക്കിംഗിനായി ഭൂമി ഏറ്റെടുക്കുന്നില്ല. റോഡ് വീതികൂട്ടി വികസിപ്പിക്കുന്നതിനും, ജംഗ്ഷനുകൾ ശാസ്ത്രീയമായി വികസിപ്പിക്കുന്നതിനുമാണ് ഭൂമി ഏറ്റെടുക്കുന്നത്.

(ജി) ഇല്ല

റവന്യൂ ഇൻസ്പെക്ടർമാരുടെ നിലവിലുള്ള ഒഴിവുകൾ

120 [2612] ശ്രീ. തമ്പാനൂർ രവി:

" കെ. സി. വേണുഗോപാൽ:

" എ. പി. അനിൽ കുമാർ:

" എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ റവന്യൂ ഇൻസ്പെക്ടർമാരുടെ എത്ര ഒഴിവുകൾ നികത്താനുണ്ട്;

(ബി) ഇതുമൂലം വസ്തു കരം പിരിക്കുന്നതിന് ഏതെല്ലാം വാർഡുകളിൽ ഇവരുടെ സേവനം ലഭ്യമാകാതെയുണ്ട് എന്നറിയിക്കാമോ;

(സി) റവന്യൂ ഇൻസ്പെക്ടർമാരുടെ സേവനം ഈ വാർഡുകളിൽ ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം കോർപ്പറേഷനിൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ ഒഴിവുകൾ ഒന്നും തന്നെ നിലവിലില്ല.

(ബി) ബാധകമല്ല. വസ്തു കരം പിരിക്കുന്നത് ബിൽ കളക്ടർമാരാണ്. റവന്യൂ ഇൻസ്പെക്ടർമാർ നേതൃത്വം നൽകുന്നു.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

വള്ളികുന്നം പഞ്ചായത്തിലെ തോപ്പിൽഭാസി സ്മാരക പി.എച്ച്.സി.

121 [2613] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആലപ്പുഴ ജില്ലയിലെ വള്ളികുന്നം പഞ്ചായത്തിലെ തോപ്പിൽഭാസി സ്മാരക പി.എച്ച്.സി-യിൽ 10 വർഷം മുൻപ് രോഗികളെ കിടത്തി ചികത്സിപ്പിക്കുന്നതിന് നിർമ്മിച്ച ഐ.പി.വാർഡ് പ്രവർത്തിപ്പിക്കുവാൻ വേണ്ട സ്റ്റാഫ് ഇല്ലാത്തതിനാൽ ഉപയോഗശൂന്യമായി കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവിടെ ഐ. പി. യൂണിറ്റ് പ്രവർത്തിപ്പിക്കുവാൻ വേണ്ട സ്റ്റാഫിനെ നിയമിക്കുവാൻ നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചിട്ടുണ്ട്. ടി ആശുപത്രിയിൽ താഴെ പറയുന്ന തസ്തികകൾ അനുവദിച്ചുകൊണ്ട് 15-7-2004-ലെ സർക്കാർ ഉത്തരവ് (എംഎസ്) നം. 152/2004/ആ.കു.വ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

അസിസ്റ്റന്റ് സർജൻ	..	3 എണ്ണം
സ്റ്റാഫ് നേഴ്സ്	..	1 എണ്ണം
നേഴ്സിംഗ് അസിസ്റ്റന്റ്	..	1 എണ്ണം
ഹോസ്പിറ്റൽ അറ്റൻഡന്റ് II ഗ്രേഡ്	..	1 എണ്ണം

ബാലുശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ

122 [2614] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ കെട്ടിടം പുതുക്കി പണിയുന്നതിന് ടെണ്ടർ വിളിച്ചത് എന്നാണ് എന്നും ടെണ്ടർ ഉറപ്പിച്ചുവെങ്കിൽ എന്നാണ് എന്നും വെളിപ്പെടുത്താമോ;